**File No.KFDHQ/487/2019-ADMIN/E2**

**തിരുവനന്തപുരം വനം വകുപ്പ് ആസ്ഥാനത്തെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**

പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം - അറ്റൻഡർ ഗ്രേഡ് - II തസ്തികയിലേക്ക് – തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡന്റിനെ നിയമിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്

സൂചന:- 05.02.2019-ലെ കത്ത് നം. ഇ 2-487/2019

**ഉത്തരവ് നമ്പർ ഇ 2- 487/2019 തീയതി 30/03/2019**

കോട്ടയം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ഓഫീസിൽ അറ്റൻഡർ ഗ്രേഡ് II തസ്തികയിൽ ഉണ്ടായ ഒഴിവിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുവാൻ താൽപ്പര്യവും യോഗ്യതയുമുള്ള ഓഫീസ് അറ്റൻഡന്റ്മാരിൽ നിന്നും സൂചന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

മേൽപ്പറഞ്ഞ ഒഴിവുകളിലേക്ക് ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ അറ്റൻഡർ ഗ്രേഡ്- II തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യതയുടെയും സീനിയോരിറ്റിയുടേയും അടിസ്ഥാനത്തിൽ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലെ നഗരംപാറ റെയ്ഞ്ചിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി നോക്കുന്ന ശ്രീ.ഇ.എസ്.രവീന്ദ്രൻ അർഹനാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.ഇ.എസ്.രവീന്ദ്രൻ, ഓഫീസ് അറ്റൻഡന്റിന് 17000 - 37500 രൂപ ശമ്പള സ്കെയിലിൽ അറ്റൻഡറായി തസ്തികമാറ്റം അനുവദിച്ചുകൊണ്ടും ടിയാന് കോട്ടയം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ഓഫീസിൽ നിയമനം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ ഓഫീസ് അറ്റൻഡന്റിന് മേൽ വിവരിച്ച ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് / റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ തസ്തികമാറ്റം വഴിയുള്ള ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് :

1. വ്യക്തിക്ക് മേലധികാരി മുഖേന
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, കോട്ടയത്തിന് അറിവിലേക്കും തുടർനടപടിക്കും.
3. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയത്തിന് അറിവിനും തുടർനടപടികൾക്കും.